"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കോട്ടയം നഗരസഭ - നിലവിലുള്ള അംഗീകൃത വിശദനഗരാസൂത്രണ പദ്ധതിയായ "കോടിമത ഏരിയ" -യുടെ വ്യതിയാനം - അന്തിമ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർഡി) വകുപ്പ്**

സ.ഉ.(കൈ) നം.9/2026/LSGD തീയതി,തിരുവനന്തപുരം, 08-01-2026

---

പരാമർശം:-

1. കോട്ടയം നഗരസഭാ കൗൺസിലിന്റെ 27.09.2022 തീയതിയിലെ തീരുമാനം നം.5.
2. 29.12.2022 തീയതിയിലെ കേരള അസാധാരണ ഗസറ്റ് വാല്യം 11, നമ്പർ 4452.
3. 12.06.2024 തീയതിയിലെ കേരള അസാധാരണ ഗസറ്റ് വാല്യം 13 നമ്പർ 1849.
4. കോട്ടയം നഗരസഭാ കൗൺസിലിന്റെ 24.10.2024 തീയതിയിലെ തീരുമാനം നം.4.
5. കോട്ടയം നഗരസഭ സെക്രട്ടറിയുടെ 26.11.2024-ലെ PW4-2574/2022 നമ്പർ കത്ത്.
6. മുഖ്യനഗരാസൂത്രക(പ്ലാനിംഗ്)-ന്റെ 13.07.2025 തീയതിയിലെ LSGD/PD/42587/2024-TCPB4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ വകുപ്പ് 50(2)-ന് അനുസൃതമായി കോട്ടയം നഗരസഭാ പ്രദേശത്ത് നിലവിലുള്ള അംഗീകൃത വിശദനഗരാസൂത്രണ പദ്ധതിയായ "കോടിമത ഏരിയ" വ്യതിയാനം വരുത്തുന്നതിന് പരാമർശം (1) പ്രകാരം കോട്ടയം നഗരസഭാ കൗൺസിൽ തീരുമാനിക്കുകയും 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ വകുപ്പ് 46(1), 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം (4) ഉപചട്ടം (1) എന്നിവ പ്രകാരം വ്യതിയാനം വരുത്തുന്നതിനുള്ള ഉദ്ദേശ്യം പരാമർശം (2) പ്രകാരം ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

2. സ്പെഷ്യൽ കമ്മിറ്റിയുടെ ചർച്ചകൾക്കും നിലവിലുള്ള വികസനങ്ങൾക്കും അനുസൃതമായി തയ്യാറാക്കിയ കരട് വ്യതിയാനം കൗൺസിൽ അംഗീകരിച്ചിട്ടുള്ളതും 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും)

ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം കരട് വ്യതിയാനം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും പ്രസിദ്ധീകരിച്ച വിവരം അറിയിച്ചുകൊണ്ടുള്ള ഫാറം VII പരാമർശം (3) പ്രകാരം ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു.

3. കരട് വ്യതിയാനത്തിന്മേൽ ആക്ഷേപങ്ങൾ ലഭിച്ചിട്ടില്ലാത്തതും ആയത് സ്പെഷ്യൽ കമ്മിറ്റി പരിഗണിച്ച് പ്രസ്തുത തീരുമാനം കൗൺസിൽ അംഗീകരിക്കുകയും പരാമർശം (4) പ്രകാരം വ്യതിയാനത്തിന് അന്തിമ അനുമതിക്കായി സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് കോട്ടയം നഗരസഭ കൗൺസിൽ തീരുമാനമെടുക്കുകയും 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 9(2) പ്രകാരം സർക്കാരിന്റെ അന്തിമ അംഗീകാരം ലഭിക്കുന്നതിനായി ഫാറം IX-ൽ പരാമർശിച്ചിട്ടുള്ളതനുസരിച്ച് പരാമർശം (5) പ്രകാരം കരട് വ്യതിയാനം ഉചിതമാർഗ്ഗേന നഗരസഭ സമർപ്പിക്കുകയും നഗരസഭ സമർപ്പിച്ച അന്തിമ വ്യതിയാനത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി മുഖ്യനഗരാസൂത്രകയുടെ കാര്യാലയത്തിൽ നിന്നും പരിഷ്കരിച്ച വ്യതിയാനത്തിന്റെ കരട് അന്തിമ അനുമതിക്കായി പരാമർശം (6) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു. കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് 2016-ന്റെ വകുപ്പ് 46(5) പ്രകാരം, അംഗീകൃത "കോടിമത ഏരിയ" എന്ന വിശദ നഗരാസൂത്രണ പദ്ധതിയുടെ വ്യതിയാനത്തിന് സർക്കാർ അന്തിമ അനുമതി നൽകുന്നതിനു മുഖ്യനഗരാസൂത്രക ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാരിന്റെ അന്തിമ അംഗീകാരത്തിനായി സമർപ്പിക്കേണ്ടിയിരുന്ന സമയപരിധി അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത കാലാവധി ദീർഘിപ്പിച്ചിച്ച് നൽകുന്നതിന് സർക്കാരിനോട് അപേക്ഷിക്കുവാൻ പരാമർശം (4) പ്രകാരം കൗൺസിൽ തീരുമാനമെടുക്കുകയും 2016 ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിലെ വകുപ്പ് 48 പ്രകാരം നിർണ്ണയിക്കപ്പെട്ട സമയപരിധിക്കുള്ളിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും എന്നാൽ അംഗീകരിച്ചിട്ടില്ലാത്തതുമായ വിശദ നഗരാസൂത്രണ പദ്ധതികൾക്ക് സർക്കാരിന് അനുമതി നൽകാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നതിനാൽ ഈ അധികരിച്ച സമയപരിധി ആക്റ്റിലെ വകുപ്പ് 48 പ്രകാരം സാധൂകരിച്ച് നൽകാവുന്നതാണ് എന്ന് പരാമർശം (6) പ്രകാരം മുഖ്യനഗരാസൂത്രക ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ താഴെ നൽകിയിരിക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. മുഖ്യനഗരാസൂത്രകയുടെയും കോട്ടയം മുനിസിപ്പൽ കൗൺസിലിന്റെയും ശിപാർശ പരിഗണിച്ച് കൊണ്ട്, 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ്, വകുപ്പ് 46(5) പ്രകാരം കോട്ടയം നഗരസഭയിലെ വിശദ നഗരാസൂത്രണ പദ്ധതിയായ "കോടിമത ഏരിയ" -യുടെ കരട് വ്യതിയാനം അംഗീകരിച്ച് അന്തിമ അനുമതി നൽകുന്നു. കരട് വ്യതിയാനത്തിന്റെ പകർപ്പ് ഉത്തരവിന് അനുബന്ധമായി ചേർത്തിരിക്കുന്നു.

ii. കോട്ടയം നഗരസഭയിലെ വിശദ നഗരാസൂത്രണ പദ്ധതിയായ "കോടിമത ഏരിയ" -യുടെ കരട് വ്യതിയാനം അന്തിമ അനുമതിക്കായി സർക്കാരിലേയ്ക്ക് സമർപ്പിക്കുവാനുണ്ടായ കാലതാമസം, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 48 പ്രകാരം സാധൂകരിച്ചു നൽകുന്നു.

iii. കോട്ടയം നഗരസഭയിലെ വിശദ നഗരാസൂത്രണ പദ്ധതിയായ "കോടിമത ഏരിയ" -യുടെ വ്യതിയാനത്തിന്മേൽ, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 46(6), 2021-ലെ കേരള നഗരഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ ചട്ടം 11 എന്നിവ പ്രകാരം ആവശ്യമായ തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. മുഖ്യനഗരാസൂത്രക (പ്ലാനിംഗ്), തിരുവനന്തപുരം.
3. ജില്ലാ നഗരാസൂത്രക കോട്ടയം (മുഖ്യനഗരാസൂത്രക മുഖേന).
4. സെക്രട്ടറി, കോട്ടയം നഗരസഭ.
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
7. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (RD3/103/2025-LSGD).

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 09-01-2026 12:39:41
സെക്ഷൻ ഓഫീസർ